

# മഹാ നിയോഗം

## ഒരു ലഘു പുസ്തകം

## പോകുവിൻ, ശിഷ്യരാക്കുവിൻ

### മത്തായി 28:19

# ഉള്ളടക്കം

1. മഹാ നിയോഗം എന്നാൽ എന്താണ്?
2. മഹാ നിയോഗത്തെക്കുറിച്ചുള്ള തിരുവെഴുത്തുകൾ ഏതെല്ലാമാണ്?
3. മഹാനിയോഗത്തിന്റെ മഹത്തായ പര്യവസാനം എന്തായിരിക്കും?
4. ആരാണ് ശിഷ്യൻ? എങ്ങനെയാണ് ശിഷ്യരെ ഉളവാക്കേണ്ടത്?
5. മഹാനിയോഗം പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞാലുള്ള അവസ്ഥ എന്തായിരിക്കും?
6. മഹാ നിയോഗ പൂർത്തീകരണത്തിന് എന്തു കാര്യങ്ങളാണ് ആവശ്യമായിരിക്കുന്നത്?
7. മഹാനിയോഗ നിവർത്തീകരണത്തിനുള്ള '4–വയൽ' സമീപനം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
8. മഹാനിയോഗത്തിന്റെ നിവർത്തിക്കായുള്ള 9 പടികൾ എന്തെല്ലാമാണ്?
9. എന്താണ് ശൂന്യമായ വയലുകൾ?
10. എങ്ങനെയാണ് ശൂന്യമായ വയലുകൾ ഒരുക്കപ്പെടേണ്ടത്?
11. FRAN പ്രാർത്ഥന വഴി ജനത്തിന്റെ ഹൃദയം ഒരുക്കപ്പെടണം.
12. 'പ്രാർത്ഥനാ നടത്തം' അതെന്താണ്? എങ്ങനെയാണതു ചെയ്യേണ്ടത്?
13. എങ്ങനെയാണ് ഞാൻ പാർത്ഥനാ നടത്തം ചെയ്യേണ്ടത്?
14. എങ്ങനെയാണ് വിത്ത് വിതയ്ക്കേണ്ടത്? എങ്ങനെയാണ് സുവിശേഷം പങ്കു വെയ്ക്കേണ്ടത്?
15. സുവിശേഷം പങ്കു വെയ്ക്കുമ്പോൾ ചോദിക്കാവുന്ന ചില മാതൃകാ ചോദ്യങ്ങൾ.
16. എങ്ങനെയാണ് ഒരു വ്യക്തി രക്ഷിക്കപ്പെടുന്നത്?
17. സുവിശേഷം പങ്കുവെയ്ക്കുമ്പോൾ ഉപയോഗിക്കാവുന്ന ചില മാതൃകാ പ്രസ്താവനകൾ.
18. ഒരു വ്യക്തിയെ എങ്ങനെ രക്ഷയുടെ അനുഭവത്തിലേക്കു കൊണ്ടു വരാം?
19. രക്ഷിക്കപ്പെട്ട ഒരു വിശ്വാസിയെ ഉടനടി പഠിപ്പിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?
20. യേശുവിന്റെ ഏഴു കല്പനകൾ ഏതെല്ലാമാണ്?
21. എന്താണ് ദീർഘകാല അടിസ്ഥാനത്തിലുള്ള ശിഷ്യവൽക്കരണം?

22. സഭാ സ്ഥാപനം
23. ലീഡർമാർ ഒരുക്കപ്പെടുന്നു
24. എന്താണ് സഭാ സ്ഥാപന മുന്നേറ്റം (Church Planting Movement)
25. എന്താണ് ശിഷ്യവൽക്കരണ മുന്നേറ്റം (Disciple Making Movement)
26. എന്താണ് ശിഷ്യവൽക്കരണം?
27. മഹാനിയോഗം നിവർത്തിച്ചു കഴിയുമ്പോൾ ഉള്ള അവസ്ഥ എങ്ങനെയായിരിക്കും?
28. മഹാനിയോഗ നിവർത്തിയുടെ ലളിതമായ നിർവ്വചനം.
29. മഹാനിയോഗത്തിന്റെ പൂർത്തീകരണം സാദ്ധ്യമാണോ?

# മഹാനിയോഗത്തെക്കുറിച്ചുള്ള ഒരു ലഘുപുസ്തകം

**1. മഹാ നിയോഗം എന്നാൽ എന്താണ്?**

അത് യേശുക്രുസ്തുവിന്റെ ഏറ്റവും അവസാനത്തെ കല്പനയാണ്.

**2. മഹാ നിയോഗത്തെക്കുറിച്ചുള്ള തിരുവെഴുത്തുകൾ ഏതെല്ലാമാണ്?**

വായിച്ചു മന:പാഠമാക്കുക

a. മർക്കോസ് 16:15

b. മർക്കോസ് 13:10

c. ലൂക്കോസ് 24:47

d. യോഹന്നാൻ 20:21

e. അപ്പ. പ്രവർത്തികൾ 1:8

**3. മഹാനിയോഗത്തിന്റെ മഹത്തായ പര്യവസാനം എന്തായിരിക്കം?**

- മത്തായി 24:14
- വെളിപ്പാട് 7:9
- വെളിപ്പാട് 5:9
- ദാനിയേൽ 7:14

**4. ആരാണ് ശിഷ്യൻ? എങ്ങനെയാണ് ശിഷ്യരെ ഉളവാക്കേണ്ടത്?**

ഒരു ശിഷ്യൻ എന്നത് മറ്റുള്ളവരേയും ശിഷ്യരാക്കുന്ന ക്രിസ്തുവിന്റെ അനുസരണമുള്ള ഒരു വ്യക്തിയാണ്. യേശു കല്പിച്ചതെല്ലാം അനുസരിക്കാൻ മറ്റുള്ളവരെ പഠിപ്പിക്കുന്നതു വഴി നമുക്ക് അവരെ ശിഷ്യരാക്കാം. സുവിശേഷം പങ്കു വെയ്ക്കുന്നത്, യേശുവിന്റെ കല്പനകളെയും ബൈബിളിലെ മറ്റു ഉപദേശങ്ങളേയും അനുസരിക്കാൻ പഠിപ്പിക്കുന്നത്, പരിശുദ്ധാത്മ നിയോഗത്താൽ ഒരു സഭയായി യേശുവിനെ ആരാധിക്കുന്ന വിശ്വസ്ഥരായ വിശ്വാസികളുടെ സമൂഹങ്ങളെ സ്ഥാപിക്കുന്നത്, ഇവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

**5. മഹാ നിയോഗം പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞാലുള്ള അവസ്ഥ എന്തായിരിക്കും?**

a. No person Left. (2 Peter 3:9, 1 Timothy 2:4) ഇനി ആരും അവശേഷിച്ചിക്കില്ല ( 2 പത്രോസ് 3:9), 1 തിമോഥെയോസ് 2:4)

b. No place Left. (Romans 15:19-23) ഇനി ഒരിടവും അവശേഷിക്കില്ല ((റോമർ 15:19–23)

c. No language Left (Daniel 7:14) ഇനി ഒരു ഭാഷയും അവശേഷിക്കില്ല (ദാനിയേൽ 7:14)

d. No people group left (Mathew 28:19) ഇനി ഒരു ജാതിസമൂഹവും അവശേഷിക്കില്ല (മത്തായി 28:19)

## 6. മഹാ നിയോഗ പൂർത്തീകരണത്തിന് എന്തു കാര്യങ്ങളാണ് ആവശ്യമായിരിക്കുന്നത്?

a. Breakthrough prayer 1 Chronicles 14:11 (Bal-Perazim Prayer) കോട്ടകളെ തകർക്കുന്ന പ്രാർത്ഥന 1 ദിനവൃത്താന്തം 14:11 (ബാൽ പെരാസീം പ്രാർത്ഥന)

b. Working together - Unity (John 17: 11, Luke 5:7) കൂട്ടായ പ്രവർത്തനം – ഐക്യം (യോഹന്നാൻ 17:11, ലൂക്കോസ് 5:7)


c. Movements of movements (Acts 6:7, Acts 9:31) മുന്നേറ്റങ്ങളുടെ മുന്നേറ്റം (അപ്പ പ്രവർത്തികൾ 6:7; 9:31)

## 7. മഹാനിയോഗ നിവർത്തീകരണത്തിനുള്ള '4-വയൽ' സമീപനം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

**മർക്കോസ് 4: 26 – 29 വായിക്കുക**

**a. ഈ നാലു വയലുകൾ ഏതെല്ലാമാണ്?**

- Empty field - Prepare the field - Gospel Preparation (Pre-Evangelism) ശൂന്യമായ വയൽ – വയൽ ഒരുക്കുക സുവിശേഷ ഒരുക്കം (സുവിശേഷീകരണത്തിനു മുമ്പ്)





- Seeded field- Share the gospel – Gospel Exposure (Evangelism) വിതെയ്ക്കപ്പെട്ട വയൽ – സുവിശേഷം പങ്കിടുന്ന – സുവിശേഷ വിതയ്ക്കൽ (സുവിശേഷീകരണം)
- Growing field- Discipleship (Gospel Maturity) വിത്ത് ചെടിയായി വളരുന്ന വയൽ– ശിഷ്യവൽക്കരണം – (സുവിശേഷ പക്വത)
- Mature field – Church വിളഞ്ഞ വയൽ – സഭാ രൂപീകരണം – (സുവിശേഷ സ്വാധീനം)

**b. വിളവെടുപ്പിനു ശേഷം ഒരു കർഷകൻ ചെയ്യുന്നതെന്താണ്?**

i. വീണ്ടും വിതക്കുവാൻ ഏറ്റവും നല്ല വിത്ത് മാറ്റി വെയ്ക്കുന്നു (നേതൃത്വ പരിശീലനം)

ii. വിത്ത് ധാരാളമായി വർദ്ധിപ്പിക്കുന്ന (സുവിശേഷ മുന്നേറ്റങ്ങൾ)

## 8. മഹാനിയോഗത്തിന്റെ നിവർത്തിക്കായുള്ള 9 പടികൾ എന്തെല്ലാമാണ്?




## 9. എന്താണ് ശൂന്യമായ വയലുകൾ?

a. സുവിശേഷം കേട്ടിട്ടില്ലാത്ത ആളുകൾ (സുഹൃത്തുക്കൾ, ബന്ധുക്കൾ, സഹപ്രവർത്തകർ, അയൽക്കാർ)

b. സുവിശേഷം എത്താത്ത സ്ഥലങ്ങൾ (ഗ്രാമങ്ങൾ, അയൽപക്കങ്ങൾ )

## 10. എങ്ങനെയാണ് ശൂന്യമായ വയലുകൾ ഒരുക്കപ്പെടേണ്ടത്?

a. **തുറക്കുവാനുള്ള പ്രാർത്ഥന** – ഹൃദയം തുറക്കാൻ, ഭവനം തുറക്കാൻ, കണ്ണുകൾ തുറക്കാൻ, കാതുകൾ തുറക്കാൻ, സ്വർഗ്ഗം തുറക്കാൻ

b. **അനുഗ്രഹത്തിനായുള്ള പ്രാർത്ഥന** – ശരീര സൗഖ്യം, ജോലി, മാനസിക – വൈകാരിക തലങ്ങൾ, സാമൂഹ്യ മേഖല, ആത്മീയ ജീവിതം

## 11. FRAN പ്രാർത്ഥന വഴി ജനത്തിന്റെ ഹൃദയം ഒരുക്കപ്പെടണം.

a. **എന്താണ് FRAN പ്രാർത്ഥന?**
രക്ഷിക്കപ്പെടാത്ത അഞ്ചോ അതിലധികമോ സുഹൃത്തുക്കൾ, ബന്ധുക്കൾ, സഹപ്രവർത്തകർ, അയൽക്കാർ എന്നിവർക്കു വേണ്ടി പ്രാർത്ഥിച്ചു തുടങ്ങുക. അവർക്കു വേണ്ടി "**തുറക്കുവാനുള്ള പ്രാർത്ഥനയും**" (OPEN PRAYER) "**അനുഗ്രഹത്തിനായുള്ള പ്രാർത്ഥനയും**" (BLESS PRAYER) പ്രാർത്ഥിക്കുക. വിശ്വാസികൾ ഇല്ലാത്ത സ്ഥലങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ട് നടന്ന് ആ സ്ഥലത്തെ ഒരുക്കിയെടുക്കുക

My commitment for prayer — Name:____________

| # | FRIENDS | RELATIVES | ASSOCIATES | NEIGHBOURS |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |

| # | FRIENDS | RELATIVES | ASSOCIATES | NEIGHBOURS |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |

| FRAN PRAYER | BLESS PRAYER | OPEN PRAYER |
|---|---|---|
| FRIENDS | BODY | HEART |
| RELATIVES | LABOUR | EYES |
| ASSOCIATES | EMOTIONS | EARS |
| NEIGHBOURS | SOCIAL NEEDS | DOOR |
| | SPIRITUAL NEEDS | HEAVEN |

5 PEOPLES
MINUTES
DAYS
WEEKS

12. 'പ്രാർത്ഥനാ നടത്തം' അതെന്താണ്? എങ്ങനെയാണതു ചെയ്യേണ്ടത്?

പ്രാർത്ഥനാ നടത്തം ഒരു തരം മദ്ധ്യസ്ഥ പ്രാർത്ഥനയാണ്.ഒരു നിശ്ചിത സ്ഥലത്തു കൂടി പ്രാർത്ഥിച്ചു കൊണ്ട് നടക്കുമ്പോൾ, നമ്മുടേതായ തത്പര്യങ്ങൾക്കപ്പുറത്ത് ആ സ്ഥലത്തിന്റെ പ്രത്യേകമായ ആവശ്യങ്ങൾക്കു വേണ്ടി ദൈവം നമ്മുടെ കണ്ണും ഹൃദയവും തുറന്നു തരും. ദൈവം ഭവനങ്ങളെ നമുക്കു തുറന്നു തരും. ഒരു പ്രദേശത്ത് നമുക്കുള്ള സാദ്ധ്യതകളും വെല്ലുവിളികളും എന്താണെന്നു നമുക്കു ബോദ്ധ്യം വരും

## 13. എങ്ങനെയാണ് ഞാൻ പാർത്ഥനാ നടത്തം ചെയ്യേണ്ടത്?

a. രണ്ടോ അതിലധികമോ വരുന്ന ആളുകളെ കൂട്ടി ഒരു ടീം സംഘടിപ്പിക്കുക.

b. ആത്മാവിൽ ഒരുക്കത്തോടെ ഇരിക്കുക; പരിശുദ്ധാത്മാവിനെ ശ്രവിക്കുക.

c. ആ പ്രദേശത്തിന്റെയും അവിടെയുള്ള ജനത്തിന്റെയും ആവശ്യങ്ങളെന്തെന്ന് അറിയുവാൻ ഒരു തുറന്ന മനസ്സു വേണം.

d. "തുറക്കുവാനുള്ള" (വാതിൽ, കണ്ണുകൾ, കാതുകൾ, ഹൃദയങ്ങൾ, സ്വർഗ്ഗം) പ്രാർത്ഥന പ്രാർത്ഥിക്കുക.

e. ആ സ്ഥലവും, അവിടുത്തെ ജനവും സമാധാനം ആസ്വദിക്കാനും അനുഗ്രഹം പ്രാപിക്കാനും പ്രാർത്ഥിക്കുക.

f. അവിടെയൊരു സമാധാന പുരുഷനുണ്ടെങ്കിൽ ആ വ്യക്തിയെ കണ്ടെത്താൻ വേണ്ടി പ്രാർത്ഥിക്കുക.

## 14. എങ്ങനെയാണ് വിത്ത് വിതയ്ക്കേണ്ടത്? എങ്ങനെയാണ് സുവിശേഷം പങ്കു വെയ്ക്കേണ്ടത്?

**a. എന്റെ FRANനു വേണ്ടി പ്രാർത്ഥിച്ച ശേഷം ഞാനെന്താണു ചെയ്യേണ്ടത്?**

- അവർക്കു പറയുവാനുള്ളതു ശ്രദ്ധ വെച്ചു കേൾക്കണം – അവരുടെ പ്രശ്നങ്ങൾ, ജീവിത സാഹചര്യങ്ങൾ, ബുദ്ധിമുട്ടുകൾ, വെല്ലുവിളികകൾ എന്നിവ എന്താണെന്നു ശ്രദ്ധിക്കുക
- നിങ്ങളുടെ ബുദ്ധിമുട്ടുകളിലും, ജീവിതത്തിന്റെ വെല്ലുവിളികളിലും ദൈവം എങ്ങനെ നിങ്ങളെ സഹായിച്ചുവെന്ന് അവരുമായി പങ്കു വെയ്ക്കുക.
- ദൈവത്തെക്കുറിച്ചും യേശുവിനെക്കുറിച്ചും സാഹചര്യമനുസരിച്ച് അവരോടു പങ്കുവെയ്ക്കുക.

**b. വിത്ത് എന്നാൽ എന്താണ്?**

വിത്ത് എന്നത് യേശുക്രിസ്തുവിന്റെ സുവിശേഷമാണ്.

**c. എന്താണ് സുവിശേഷം?**

"തിരുവെഴുത്തുകളിൻ പ്രകാരം 2000 വർഷങ്ങൾക്കു മുമ്പ് ദൈവം തന്റെ പുത്രനായ യേശുവിനെ ഈ ലോകത്തിലേയ്ക്കയച്ചു. അവിടുന്ന് പാപമേതുമില്ലാത്ത ഒരു നിർമ്മല ജീവിതം ജീവിച്ചു, മുടന്തരെ സൗഖ്യമാക്കി, കുരുടർക്കു കാഴ്ച്ച നൽകി, ചെകിടരേയും കുഷ്ഠരോഗി
കളേയും സൗഖ്യമാക്കി, മരിച്ചവരെ ഉയിർപ്പിച്ചു. കാൽവരിയിൽ ഒരു കുരിശിന്മേൽ അവിടുന്നു ക്രൂശിക്കപ്പെട്ടു, സംസ്കരിക്കപ്പെട്ടു, എന്നാൽ മൂന്നാം ദിവസം അവിടുന്ന് ഉയിർത്തെഴുന്നേറ്റു. അവിടുന്നു സ്വർഗ്ഗത്തിലേക്കു കരേറിപ്പോയി. അവിടുന്നു വാക്കു പറഞ്ഞതുപോലെ വീണ്ടും തിരികെ വരും. അവിടുത്തെ നാമത്തിൽ നമ്മുടെ പാപങ്ങൾക്കു മോചനവും നമുക്കു രക്ഷയുമുണ്ട്."

**d. ആരാണ് സുവിശേഷം പങ്കു വെയ്ക്കേണ്ടത്?**

രക്ഷിക്കപ്പെട്ട ഓരോ വിശ്വാസിക്കും സുവിശേഷം പങ്കു വെയ്ക്കാനുള്ള അവകാശമുണ്ടെന്നു മാത്രമല്ല, അവർ സുവിശേഷമാകുന്ന വിത്ത് നിർബ്ബന്ധമായും വിതച്ചിരിക്കണം. (മർക്കോസ് 1:17)

**e. ഒരു പുതു വിശ്വാസി എപ്പോഴാണ് സുവിശേഷം പങ്കിടാനും വിശ്വാസം പങ്കു വെയ്ക്കാനും ആരംഭിക്കേണ്ടത്?**

താഴെപ്പറയുന്ന വ്യക്തികൾ ചെയ്തതുപോലെ ഒരുവൻ വിശ്വസിക്കുന്ന നിമിഷം മുതൽ സുവിശേഷം പങ്കു വെയ്ക്കാൻ തുടങ്ങണം.

- ശമര്യക്കാരി (യോഹന്നാൻ 4 : 5 – 30 )
- ഭൂതബാധിതൻ (മർക്കോസ് 5: 1–20)
- ഊമനും ബധിരനുമായ വ്യക്തി (മർക്കോസ് 7: 31–37)

f. **ആരോടാണ് സുവിശേഷം പങ്കു വെയ്ക്കേണ്ടത്?**
സുഹൃത്തുക്കളോട്, ബന്ധുക്കളോട്, സഹപ്രവർത്തകരോട്, അയൽക്കാരോട്, എന്നു വേണ്ട, പരിശുദ്ധാത്മാവു നിയോഗം തരുന്ന ഏതു വ്യക്തിയോ
ടും സുവിശേഷം അറിയിക്കാം. എന്നാൽ, പ്രാർത്ഥനയാ
ൽ ഹൃദയങ്ങൾ ഒരുക്കപ്പെട്ട ശേഷം മാത്രമേ അതു ചെയ്യാവൂ.

g. **എങ്ങനെയാണ് വ്യക്തിപരമായ സാക്ഷ്യം തയ്യാറാക്കേണ്ടത്?**
താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം ഒരു വെള്ളക്കടലാസിൽ എഴുതുക,അല്ലെങ്കിൽ റിക്കോർഡ് ചെയ്തു വെയ്ക്കുക:

i. യേശുവിനെ സ്വീകരിക്കുന്നതിനു മുമ്പുള്ള നിങ്ങളുടെ ജീവിതം. (രോഗം, ദാരിദ്ര്യം, ഭൂതബാധ, ലഹരി ആസക്തി, etc.

ii. എങ്ങനെയാണ് യേശുവിനെ നിങ്ങളുടെ ജീവിതത്തിൽ കൈക്കൊണ്ടത്?

- ആരാണ് യേശുവിനെക്കുറിച്ച് നിങ്ങളോടു പറഞ്ഞത്?
- എന്നാണ് നിങ്ങൾ ഒരു തീരുമാനം എടുത്തത്?
- ആ സാഹചര്യം വിവരിക്കുക.

iii. യേശുവിനെ കൈക്കൊണ്ട ശേഷം നിങ്ങളുടെ ജീവിതത്തിൽ എന്തു സംഭവിച്ചു?

- സൗഖ്യം, വിടുതൽ, പാപക്ഷമ, സ്വഭാവത്തിൽ വ്യത്യാസം, സമാധാനം etc
- യേശുവിന്റെ അനുസരണമുള്ള ഒരു ശിഷ്യനായിത്തീർന്നത്.

h. **നിങ്ങളുടെ FRAN നുമായി ഈ സക്ഷ്യം പങ്കുവെയ്ക്കുക. ആവശ്യമെങ്കിൽ ഇതിനു ഭേദഗതി വരുത്താവുന്നതാണ്.**

## 15. സുവിശേഷം പങ്കു വെയ്ക്കുമ്പോൾ ചോദിക്കാവുന്ന ചില മാതൃകാ ചോദ്യങ്ങൾ.

a. നിങ്ങൾ വീണ്ടും ജനിച്ചതാണ് എന്ന കാര്യത്തിൽ നിങ്ങൾക്കുറപ്പുണ്ടോ?

b. ഇന്നു മരിച്ചാൽ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും?

c. എവിടെയാണ് നിങ്ങൾ നിത്യത ചെലവിടാൻ പോകുന്നത് – സ്വർഗ്ഗത്തിലോ അതോ നരകത്തിലോ?

## 16. എങ്ങനെയാണ് ഒരു വ്യക്തി രക്ഷിക്കപ്പെടുന്നത്?

a. യേശുവിനെ കർത്താവ് എന്നു വായ് കൊണ്ട് ഏറ്റുപറയുകയും, ദൈവം യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ടു വിശ്വസിക്കുകയും ചെയ്താൽ നിങ്ങൾ രക്ഷിക്കപ്പെടും (റോമർ 10:9)

b. യേശുവിനെ കൈക്കൊണ്ട് അവിടുത്തെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ ദൈവം അധികാരം കൊടുത്തു (യോഹന്നാൻ 1:12)

## 17. സുവിശേഷം പങ്കുവെയ്ക്കുമ്പോൾ ഉപയോഗിക്കാവുന്ന ചില മാതൃകാ പ്രസ്താവനകൾ.

a. യേശു നിങ്ങളെ സ്നേഹിക്കുന്നു.
b. യേശുവിനു നിങ്ങളെക്കുറിച്ചു കരുതലുണ്ട്.
c. യേശുവിൽ ആശ്രയം വെയ്ക്കുക.
d. യേശുവിനു നിങ്ങളെ രക്ഷിപ്പാൻ കഴിയും.
e. യേശുവിനു നിങ്ങളെ സൗഖ്യമാക്കാൻ കഴിയും.
f. യേശു വീണ്ടും വരും.
g. യേശുവിന്റെ മടങ്ങി വരവിനു വേണ്ടി ഒരുങ്ങുക.
h. നിങ്ങൾക്കു സമാധാനം തരുവാൻ യേശുവിനു കഴിയും.
i. യേശു നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കും.
j. യേശുവിനു നിങ്ങളുടെ ജീവിതത്തെ രൂപാന്തരപ്പെടുത്താൻ കഴിയും.

## 18. ഒരു വ്യക്തിയെ എങ്ങനെ രക്ഷയുടെ അനുഭവത്തിലേക്കു കൊണ്ടുവരാം?

a. ലളിതമായ ഭാഷയിൽ സുവിശേഷം പങ്കു വെയ്ക്കുക.
b. സുവിശേഷം പറഞ്ഞ ശേഷം യേശുവിനെ സ്വീകരിക്കാനുള്ള ആഹ്വാനം കൊടുക്കുക.
c. ആഹ്വാനം കൊടുക്കുവാൻ സഹായിക്കുന്ന സാമ്പിൾ ചോദ്യം:

- യേശുവിനെ നിങ്ങളുടെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കാൻ നിങ്ങൾ തയ്യാറാണോ?
- ‘‘അല്ല’’ എന്നാണുത്തരമെങ്കിൽ അവരെ അനുഗ്രഹിച്ചു പ്രാർത്ഥിച്ചോട്ടെ എന്നു ചോദിക്കുക.
- ‘‘അതേ’’ എന്നാണുത്തരമെങ്കിൽ ആ വ്യക്തിയെ ഏറ്റു പറച്ചിലിന്റെ പ്രാർത്ഥനയിലേക്ക് കൊണ്ടുവരിക.

d. ഏറ്റു പറഞ്ഞു പ്രാർത്ഥിക്കുന്നതിന്റെ ഒരു സാമ്പിൾ പ്രാർത്ഥന:
ഓ എന്റെ കർത്താവായ യേശുവേ, ഞാനൊരു പാപിയാണെന്നും, എന്റെ ജീവിതത്തിൽ അരുതാത്ത പല കാര്യങ്ങളും ഞാൻ ചെയ്തിട്ടുണ്ടെന്നും ഞാൻ സമ്മതിക്കുന്നു. എനിയ്ക്കു വേണ്ടി അവിടുന്ന് ഈ ലോകത്തിൽ വന്നുവെന്നും, എനിക്കു വേണ്ടി കുരിശിൽ മരിച്ച്, അടക്കപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റുവെന്നും ഞാൻ വിശ്വസിക്കുന്നു. അവിടുന്നു വാക്കു പറഞ്ഞതിൻ പ്രകാരം അവിടുന്നു വീണ്ടും വരുമെന്നും

ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ നാമത്തിൽ പാപക്ഷമയും രക്ഷയുമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. യേശുകർത്താവേ, എന്റെ ജീവിതത്തിലേക്കു വരേണമേ. എന്റെ പാപങ്ങളെ എന്നോടു ക്ഷമിക്കേണമേ. അവിടുത്തെ രക്തത്താൽ എന്നെ കഴുകേണമേ. ഇന്നു മുതൽ ഞാൻ അവിടുത്തേയ്ക്കായി മാത്രം ജീവിക്കും. ഞാൻ അങ്ങയെ എന്റെ ജീവിതത്തിന്റെ നാഥനും കർത്താവുമായി സ്വീകരിച്ചിരിക്കുന്നു. യേശുവിന്റെ നാമത്തിൽ എന്റെ പ്രാർത്ഥന കേൾക്കേണമേ, ആമേൻ

## 19. രക്ഷിക്കപ്പെട്ട ഒരു വിശ്വാസിയെ ഉടനടി പഠിപ്പിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്? (ഉടനടിയുള്ള ശിഷ്യത്വം)

**a. രക്ഷയുടെ ഉറപ്പു നല്കുക.**

- നിങ്ങൾ ദൈവത്തിന്റെ മകൻ/മകൾ ആയിത്തീർന്നിരിക്കുന്നു. (യോഹന്നാൻ 1:12)
- നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. (1 യോഹന്നാൻ 1:9)
- നിങ്ങളുടെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു. (വെളിപ്പാട് 21:27)
- നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു. (യോഹന്നാൻ 3:3)

**b. സ്വർഗ്ഗീയ പിതാവിനോടു സംസാരിക്കുന്ന വിധത്തിലുള്ള ലളിതമായ പ്രാർത്ഥനകൾ പ്രാർത്ഥിക്കാൻ അവരെ പഠിപ്പിക്കുക.**

**c. കർത്താവു പഠിപ്പിച്ച പ്രാർത്ഥന** (സ്വർഗ്ഗസ്ഥനായ പിതാവേ... **മത്തായി 6: 9–13) ഒരു നല്ല മാതൃകാ പ്രാർത്ഥനയാണ്.**

**d. പ്രാർത്ഥിക്കാനും ബൈബിൾ വായിക്കുവാനും അവരെ പഠിപ്പിക്കുക**

**e. സാക്ഷിക്കുവാൻ അവരെ പഠിപ്പിക്കുക**

അവരുടെ ജീവിതത്തിൽ യേശു കർത്താവ്
ചെയ്തതെന്തെന്ന് അവരുടെ FRAN നോട് ഉടനടി പങ്കു വെയ്ക്കാൻ പ്രോത്സാഹിപ്പിക്കുക

**f. വിശ്വാസികളുടെ ഒരു സമൂഹത്തിന്റെ അഥവാ ഒരു പ്രാദേശിക സഭയുടെ ഭാഗമാകുവാൻ അവരെ ഉത്സാഹിപ്പിക്കുക.**

അങ്ങനെയുള്ള സഭ അവരുടെ സമീപത്തില്ലെങ്കിൽ അവരുടെ ഭവനത്തിൽത്തന്നെ ഒരു സഭ തുടങ്ങുവാൻ അവരെ ഉത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക.

## 20. യേശുവിന്റെ ഏഴു കല്പനകൾ ഏതെല്ലാമാണ്? (ഹ്രസ്വകാല ശിഷ്യവൽക്കരണം)

കല്പനകളെ ആഴമായി പഠിപ്പിക്കുമ്പോൾത്തന്നെ ഒരു ബൈബിൾ കഥ കൂടി പഠിപ്പിക്കുക.

**a. അനുതപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുക. (മർക്കോസ് 1:15)**

- ധൂർത്ത പുത്രൻ (ലൂക്കോസ് 15:11–32)

**b. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേൽക്കുകയും പരിശുദ്ധാത്മ അഭിഷേകം പ്രാപിക്കുകയുംചെയ്യുക. (മർക്കോസ് 16:16)**

- ഫിലിപ്പോസും എത്യോപ്യക്കാരനായ ഷണ്ഡനും (അപ്പ. പ്രവ. 8:26–40)

**c. ദൈവത്തെ സ്നേഹിക്കുക, അയൽക്കാരനെ സ്നേഹിക്കുക (മത്തായി 22:37–39)**

- നല്ല ശമര്യാക്കാരന്റെ കഥ (ലൂക്കോസ് 10:25–37)

**d. പ്രാർത്ഥിക്കുകയും ക്രമമായി ദൈവ വചനം പഠിക്കുകയും ചെയ്യുക (യോഹന്നാൻ 15:7)**

- അർദ്ധരാത്രിയിൽ നിർബ്ബന്ധിക്കുന്ന സുഹൃത്തിന്റെ കഥ (ലൂക്കോസ് 11:5–8)

**e. ഒരു വിശുദ്ധ ജീവിതം ജീവിച്ചുകൊണ്ട് വിശ്വാസികളുടെ ഒരു സമൂഹത്തിന്റെ ഭാഗമായിരിക്കുകയും കർത്തൃമേശയിൽ പങ്കു ചേരുകയും ചെയ്യുക. (ലൂക്കോസ് 22:19)**

- തിരുവത്താഴത്തിന്റെ കഥ (ലൂക്കോസ് 22:14–23)

**f. ദശാംശം കൊടുക്കുകയും ദാനം അർപ്പിക്കുകയും ചെയ്യുക. (അപ്പ. പ്രവ. 20:35)**

- വിധവയുടെ കൊച്ചുകാശിന്റെ കഥ (ലൂക്കോസ് 21:1–4)

**g. പോവുക, ശിഷ്യരെ ഉളവാക്കുക (മത്തായി 28:19)**

- അന്ത്രയോസിന്റെയും സുഹൃത്തുക്കളുടെയും കഥ (യോഹന്നാൻ 1:43–50)
-

## 21. എന്താണ് ദീർഘകാല അടിസ്ഥാനത്തിലുള്ള ശിഷ്യവൽക്കരണം?

ഒരു വിശ്വാസിയെ ദൈവവചനം, (പഴയ നിയമവും പുതിയ നിയമവും) പഠിപ്പിക്കുന്നതു വഴി ആ വ്യക്തിയെ ക്രിസ്തുവിൽ ബലപ്പെടുത്തുകയും പക്വതയിലേയ്ക്കു വളർത്തുകയും ചെയ്യുന്നു.

**a. അപ്പസ്തോലന്മാരുടെ ഉപദേശങ്ങളിൽ തുടങ്ങുക. (അപ്പ. പ്രവ.2: 42–47)**

- അപ്പസ്തോലന്മാരുടെ ഉപദേശം
- കൂട്ടായ്മ
- അപ്പം മുറിക്കൽ
- പ്രാർത്ഥന, സ്തുതി, ആരാധന
- അത്ഭുതങ്ങളും അടയാളങ്ങളും

- തങ്ങൾക്കുള്ളതു മറ്റുള്ളവരുമായി പങ്കിടൽ

**b. അപ്പസ്തോലന്മാരുടെ ഉപദേശം (അഞ്ചു വിരൽ തത്വം)**

- **വ്യക്തി ജീവിതം:** വിശുദ്ധി, സത്യസന്ധത, സത്യനിഷ്ഠ
- **കുടുംബ ജീവിതം:** ഭർത്തവ്/ഭാര്യ, മക്കൾ. മാതാപിതാക്കൾ തമ്മിലുള്ള ബന്ധങ്ങൾ
- **സഭാ ജീവിതം:** സഭയ്ക്കുള്ളിലുള്ളതും സഭ ഒരു കുടുംബം എന്ന നിലയിലുമുള്ള ബന്ധങ്ങൾ
- **സാമൂഹ്യ ജീവിതം:** ഭരിക്കുന്നവരെ അനുസരിക്കുക, അവർക്കു വേണ്ടി പ്രാർത്ഥിക്കുക, അവരെ അനുഗ്രഹിക്കുക.
- **നിത്യമായ ജീവിതം:** യേശുവിന്റെ രണ്ടാം വരവും മരണാനന്തര ജീവിതവും.




**c. ബൈബിൾ കഥകളിലൂടെയുള്ള ശിഷ്യവൽക്കരണം**

**i. ഈ കഥ എന്താണു പറയുന്നത്?**
കഥ കൃത്യമായി വിവരിക്കുക. മറ്റുള്ളവരോടു ഈ കഥ വിവരിക്കാൻ എല്ലാവരും പ്രാപ്തരാകുന്നതുവരെ അത് ആവർത്തിച്ചു കൊണ്ടിരിക്കുക.
ആക്ഷൻ, ഗാനങ്ങൾ, ഡ്രാമ തുടങ്ങിയ അദ്ധ്യായന രീതികൾ ആവശ്യാനുസരണം ഉപയോഗിക്കാവുന്നതാണ്.

**ii. ഈ കഥകൊണ്ടെന്താണർത്ഥമാക്കുന്നത്?**
കഥയുടെ അർത്ഥം നന്നായി മനസിലാക്കുക.

**iii. എന്താണു ഞാൻ അനുസരിക്കേണ്ടത്?**
അനുസരിക്കുവാനും ഈ കഥ മറ്റുള്ളവരുമായി പങ്കു വെയ്ക്കാനും പ്രോത്സാഹിപ്പിക്കുക

**iv. ബൈബിൾ കഥകൾ ഗ്രഹിക്കുവാൻ 'വാൾ രീതി' (sword method)യുടെ പ്രയോഗം**

- ദൈവത്തെക്കുറിച്ച് ഇതെന്തു പറയുന്നു?
- മനുഷ്യനെക്കുറിച്ച് ഇതെന്തു പറയുന്നു?
- ഇതിൽ എന്തെങ്കിലും അനുസരണത്തിനായുണ്ടോ?
- ഏതെങ്കിലും പാപം ഉപേക്ഷിക്കേണ്ടതായുണ്ടോ?
- ഏതെങ്കിലും വാഗ്ദാനം പാലിക്കേണ്ടതായുണ്ടോ?

- ഏതെങ്കിലും മാതൃക പിന്തുടരേണ്ടതായുണ്ടോ?
- ഇനിയെന്തെങ്കിലും എനിക്ക് ഈ കഥയിൽ നിന്നും പഠിക്കാനുണ്ടോ?
- ഇനി ആരോടാണ് ഈ കഥ ഞാൻ പങ്കു വെയ്ക്കേണ്ടത്?

**d. ചർച്ചകൾ വഴിയും ഡിസ്കവറി ബൈബിൾ സ്റ്റോറി (DBS) വഴിയും ബൈബിൾ കഥകളും/ബൈബിൾ ഭാഗങ്ങളും പഠിക്കുന്നത്.**

ബൈബിൾ സ്റ്റഡി ഗ്രൂപ്പുകൾക്കുള്ള ഒരു സാമ്പിൾ ചർച്ച.

**i. പുറകോട്ടു നോക്കുക:**

**വ്യക്തിപരമായ കാര്യങ്ങൾ പങ്കുവെയ്ക്കുക**

- ഏതു കാര്യത്തിനാണ് നിങ്ങൾക്കു നന്ദി പ്രകാശിപ്പിക്കാനുള്ളത്?
- ഏതെല്ലാം വെല്ലുവിളികളാണ് നിങ്ങൾ നേരിട്ടത്?
- പരസ്പര ആവശ്യങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുക.

**തലേ ആഴ്ച്ച പഠിച്ച കാര്യങ്ങളെക്കുറിച്ചു സംസാരിക്കുക.**

- കഴിഞ്ഞ ആഴ്ച എന്താണു നിങ്ങൾ പഠിച്ചത്?
- കഴിഞ്ഞ ആഴ്ച പഠിച്ച കാര്യങ്ങളോടുള്ള ബന്ധത്തിൽ ഏതു സംഗതികളാണ് നിങ്ങൾ അനുസരിച്ചത്?
- നിങ്ങൾ പഠിച്ച കാര്യങ്ങൾ ആരെയാണു നിങ്ങൾ പഠിപ്പിച്ചത്?

**ii. മുകളിലോട്ടു നോക്കുക**

- ഇന്നത്തെ ബൈബിൾ കഥയോ പാഠഭാഗമോ വായിക്കുക.
- ദൈവത്തെക്കുറിച്ചോ, യേശുവിനെക്കുറിച്ചോ അവിടുത്തെ പദ്ധതിയെകളെക്കുറിച്ചോ ഈ ഭാഗത്തു പറയുന്ന കാര്യം എന്താണ്?
- പുതിയ വ്യക്തികളാണെങ്കിൽ 'വാൾ രീതി'(Sword Method) ഉപയോഗിക്കാവുന്നതാണ്.

**iii. മുമ്പോട്ടു നോക്കുക**

- ഇന്നത്തെ പാഠത്തോടുള്ള ബന്ധത്തിൽ എന്താണു നിങ്ങൾ അനുസരിക്കാൻ പോകുന്നത്?
- ആരെയാണു നിങ്ങൾ പഠിപ്പിക്കുവാൻ പോകുന്നത്?

**e. ദൈവത്തിന്റെ സകല ആലോചനയും പഠിപ്പിക്കുക. ലഘുവായ ഭക്ഷണത്തിൽനിന്നും കട്ടിയായ ആഹാരത്തിലേക്ക്'**

**എന്നുള്ള പ്രവർത്തന തന്ത്രം (Milk to Meat Strategy) (എബ്രായർ 5: 11–14)**

- അനുദിന ബൈബിൾ സ്റ്റഡിയും പ്രാർത്ഥനയും ഒരു സ്വഭാവഗുണമായി വളർത്തിയെടുക്കുക.
- ദൈവത്തിന്റെ ശബ്ദത്തിനു കാതോർക്കുക.

- ദൈവത്തിന്റെ ശബ്ദത്തെ അനുസരിക്കുക.
- നിങ്ങൾ പഠിച്ചത് മറ്റുള്ളവരുമായി പങ്കിടുന്ന സ്വഭാവം വളർത്തിയെടുക്കുക.

## 22. സഭകൾ സ്ഥാപിക്കപ്പെടുന്നത്

**a. ഒരു സഭ എന്നാൽ എന്താണ്?**

പ്രാർത്ഥിക്കുവാനായും ആരാധിക്കുവാനായും പരസ്പര ആത്മീക വർദ്ധനവിനായും സുവിശേഷം പങ്കു വെയ്ക്കുന്നതിനായും സമൂഹത്തെ സേവിക്കുന്നതിനുമായി ക്രമമായി ഒന്നിച്ചു വരുന്ന വിശ്വാസികളുടെ ഒരു സമൂഹത്തെയാണ് സഭ എന്നു വിളിക്കുന്നത്.

**b. ഒരു സഭയിൽ നടക്കേണ്ടുന്ന അവശ്യ സംഗതികൾ എന്തെല്ലാമാണ്?**

- പ്രാർത്ഥനയും കൂട്ടായ്മ ബന്ധവും
- പാട്ടുകളാലും വാക്കുകളാലും ദൈവത്തെ ആരാധിക്കുന്നത്
- ബൈബിൾ വായനയും, ബൈബിൾ പഠിപ്പിക്കലും
- സാക്ഷ്യങ്ങൾ പങ്കു വെയ്ക്കുന്നതും ദൈവത്തിനു കാഴ്ച സമർപ്പിക്കുന്നതും
- സുവിശേഷം പങ്കിടുന്നതും ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നതും

**c. സഭയ്ക്കു നേതൃത്വം കൊടുക്കേണ്ടതാരാണ്?**

- അപ്പസ്തോലന്മാർ, പ്രവാചകന്മാർ, ഉപദേശകർ, ഇടയന്മാർ, സുവിശേഷകർ (എഫേസ്യർ 4:11–13)
- ഡീക്കന്മാർ, മൂപ്പന്മാർ (തീത്തോസ് 1:5, 1 തിമൊത്തെയോസ് 3:8)

**d. ഒരു പുതിയ സഭ എങ്ങനെയാണു തുടങ്ങേണ്ടത്?**

- ക്രമമായി കൂടിവരുവാൻ ഒരു സ്ഥലവും സമയവും തെരഞ്ഞെടുക്കുക
- രണ്ടോ, മൂന്നോ അതിലധികമോ വരുന്ന ഏതാനും വ്യക്തികളുമായി വളരെ ലളിത രീതിയിൽ തുടങ്ങുക. ‘‘രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്’’ (മത്തായി 18:10)
- ഏതെങ്കിലും നിലയിൽ എല്ലാവർക്കും ഉത്തരവാദിത്തം ഉള്ള ഒരു കൂടിവരവായിരിക്കണം
- സുഹൃത്തുക്കളേയും ബന്ധുക്കളേയും, സഹപ്രവർത്തകരേയും അയൽക്കാരെയും ക്ഷണിക്കുക
- യേശു പഠിപ്പിച്ചതും കല്പിച്ചതും അനുസരിക്കാൻ എല്ലാ സഭാംഗങ്ങളേയും അഭ്യസിപ്പിക്കുക
- അനുസരണമുള്ള ഒരു ശിഷ്യനായിരിപ്പാനും മറ്റുള്ളവരെ ശിഷ്യരാക്കാനും എല്ലാ വിശ്വാസികളേയും പ്രാപ്തരാക്കുക.

- വിശ്വാസികൾ ശിഷ്യത്വത്തിൽ പക്വത പ്രാപിക്കുന്നതോടെ വീണ്ടും പുതിയ സഭകൾ ആരംഭിക്കുക

**e. ഏതു മാതൃകയിലുള്ള സഭകളാണ് സ്ഥാപിക്കപ്പെടേണ്ടത്?**

- "മുയലിന്റെ മാതൃക" – ലാളിത്യമുള്ളതും വേഗത്തിൽ വർദ്ധിച്ചു പെരുകുന്നതും ശിഷ്യരെ ഉളവാക്കുന്നതുമായ സഭകൾ
- എല്ലാ സഭകളും പെരുകി വർദ്ധിക്കേണം
- പക്വത പ്രാപിച്ച ഒരോ ശിഷ്യനേയും പുതിയ സഭകൾ സ്ഥാപിക്കാൻ ഉത്സാഹിപ്പിക്കുക.

## 23. ലീഡർമാരെ ഒരുക്കുന്നത്

**a. ഒരു സഭയെ എങ്ങനെയാണൊരു പരിശീലന കേന്ദ്രമാക്കുന്നത്?**

- ക്രമമായ ഒരു ലീഡർഷിപ് ട്രെയിനിംഗ് പ്രോഗ്രാമിൽ സംബന്ധിക്കുവാനായി പക്വതയുള്ള വിശ്വാസികളെ കണ്ടെത്തുക.
- ഓരോ സഭയും ശുശ്രൂഷക്കു വിശുദ്ധരെ ഒരുക്കുന്ന പരിശീലന കേന്ദ്രങ്ങളായിരിക്കണം.
- ക്രമപ്പെടുത്തിയ പാഠ്യപദ്ധതിപ്രകാരമുള്ള പരിശീലനം നൽകണം
- ആഴ്ചയിൽ ഒന്നോ രണ്ടോ തവണ, അല്ലെങ്കിൽ മാസത്തിലൊരിക്കൽ പരിശീലനം നൽകാം (അതാതു സ്ഥലങ്ങളിലെ സാഹചര്യത്തിനൊത്തു മാറ്റം വരുത്താവുന്നതാണ്)
- അനുസരണത്തിലധിഷ്ഠിതമായ പഠനത്തിന് ഊന്നൽ നൽകുക.
- അനുസരണമുള്ള ശിഷ്യരും ലീഡർമാരുമായി മാത്രം മുമ്പോട്ടു പോവുക
- പരിശീലനം ലഭിക്കുന്ന എല്ലാ വ്യക്തികളെയും അനുസരണമുള്ളവരും മറ്റുള്ളവരെ പരിശീലിപ്പിക്കാൻ പ്രാപ്തിയുള്ളവരും ആയിത്തീരാൻ ഉത്സാഹിപ്പിക്കുക.
- ഓരോ തവണ കൂടിവരുമ്പോഴും അവരവരുടെ ഉത്തരവാദിത്തം സംബന്ധിച്ചുള്ള ചോദ്യങ്ങൾ ചോദിച്ചു കൊണ്ടേയിരിക്കുക

## 24. എന്താണ് സഭാ സ്ഥാപന മുന്നേറ്റം (Church Planting Movement)

ഒരു പ്രത്യേക ജാതി സമൂഹത്തിലോ ജനവിഭാഗത്തിലോ ദൃതഗതിയിലുള്ളതും ക്രമാതീതവുമായ വളർച്ചയോടുകൂടിയ സഭകൾ സ്ഥാപിക്കപ്പെടുന്നതിനെ **സഭാ സ്ഥാപന മുന്നേറ്റം (Church Planting Movement)** എന്നു വിളിക്കാം. സഭകൾ സ്ഥാപിക്കാൻ മറ്റുള്ളവരെ പരിശീലിപ്പിക്കുന്നതിന് വേണ്ടി ചിലരെ അഭ്യസിപ്പിക്കുന്ന അനുസരണമുള്ള ശിഷ്യരെ പരിശീലിപ്പിക്കുക എന്ന പ്രമാണത്തിലാണിത് അധിഷ്ഠിതമായിരിക്കുന്നത്.

നാലു തലമുറ ലെവലിലുള്ള സഭകൾ സ്ഥാപിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക.

## 25. എന്താണ് ശിഷ്യവൽക്കരണ മുന്നേറ്റം (Disciple Making Movement)

ദ്രുതമായും ക്രമാതീതമായും ശിഷ്യർ ശിഷ്യരെ വാർത്തെടുക്കുന്ന പ്രക്രിയയ്ക്കാണ് ശിഷ്യവൽക്കരണമുന്നേറ്റം (Disciple Making Movement) എന്നു പറയുന്നത്. ഓരോ വിശ്വാസിയും അനുസരണത്തിൽ വളർന്ന് മറ്റു ശിഷ്യർക്കു ജന്മം നൽകുന്നു. അവർ ദൈവശബ്ദം കേൾക്കുകയും അതനുസരിക്കുകയും അവർ പഠിച്ചത് മറ്റുള്ളവരെ പഠിപ്പിക്കുവാൻ തങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു. ഏതൊരു ശിഷ്യനും മറ്റു ശിഷ്യരെ ഉളവാക്കുന്നവനും വളർച്ചയുള്ള സഭകളെ സ്ഥാപിക്കുന്നവനും ആയിത്തീരുന്നു. നാലു തലമുറ ലെവലിലുള്ള ശിഷ്യരെ പ്രോത്സാഹിപ്പിക്കുക

**ശിഷ്യവൽക്കരണ മുന്നേറ്റം (Disciple Making Movement) ഊന്നൽ കൊടുക്കുന്നത് ശിഷ്യർ ശിഷ്യരെ ഉളവാക്കുന്നതിനാണ്. എന്നാൽ, സഭാ സ്ഥാപന മുന്നേറ്റം (Church Planting Movement) ഊന്നൽ കൊടുക്കുന്നത് സഭകൾ സഭകളെ സ്ഥാപിക്കുന്നതിനാണ്.**

## 26. എന്താണ് ശിഷ്യവൽക്കരണം?

**a.** ശിഷ്യവൽക്കരണം എന്നത് യേശുവിനെ അറിയുന്നതിനും, യേശുവിൽ വളരുന്നതിനും, അവിടുത്തെ വിശ്വസ്ഥതയോടെ പിൻപറ്റുന്നതിനും മറ്റുള്ളവരെ പഠിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനുമായി ഏതൊരവസരത്തേയും വിനിയോഗിക്കുവാൻ സന്നദ്ധനായ ഒരു ശിഷ്യൻ ലക്ഷ്യ നിർണ്ണയത്തോടെയും, ബന്ധങ്ങളിലടിസ്ഥാനപ്പെട്ടും, ക്രിസ്തോന്മുഖമായി ചെയ്യുന്ന പ്രവർത്തിയാണ്. എല്ലാ ശിഷ്യരും ഏതവസരത്തിലും ചേയ്യേണ്ട ഒരു കാര്യമാണ് ശിഷ്യവൽക്കരണം.

**b. അനുസരണത്തിൽ അടിസ്ഥാനപ്പെട്ട ശിഷ്യവൽക്കരണം എന്നാൽ എന്താണ്?**

എത്രയും വേഗത്തിൽ യേശുവിന്റെ ഓരോ കല്പനയും ഉപദേശവും അനുസരിക്കുന്നതിന്‘ ഊന്നൽ നൽകുന്നതിനെയാണ് അനുസരണത്തിലധിഷ്ഠിതമായ ശിഷ്യവൽക്കരണം എന്നു പറയുന്നത്. **ഒരു വിശ്വാസിയുടെ പക്വത അളക്കുന്നത് അദ്ദേഹത്തിന്റെ അറിവിനെ അടിസ്ഥാനമാക്കിയല്ല, മറിച്ച് അദ്ദേഹത്തിന്റെ അനുസരണത്തിന്റെ തോതിനെ അടിസ്ഥാനമാക്കിയാണ്.** യേശു പറഞ്ഞു: ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ;’’

അതുകൊണ്ട് ഏതൊരു വിശ്വാസിയും ഒരു ശിഷ്യനും ശിഷ്യരെ ഉളവാക്കുന്നവനുമായിരിക്കണം.

## 27. മഹാനിയോഗം നിവർത്തിച്ചു കഴിഞ്ഞാലുള്ള അവസ്ഥ എങ്ങനെയിരിക്കും?

- വെളിപ്പാട് 7:9 പറയുന്നു: "ഇതിന്റെ ശേഷം **സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും** നിന്നു ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നില്ക്കുന്നതു ഞാൻ കണ്ടു."
- ദാനിയേൽ 7:14 പറയുന്നു: "**സകല വംശങ്ങളും ജാതികളും ഭാഷക്കാരും** അവനെ സേവിക്കേണ്ടതിന്നു അവന്നു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു; അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ചുപോകാത്തതും ആകുന്നു."
- മത്തായി 24:14 പറയുന്നു: "രാജ്യത്തിന്റെ ഈ സുവിശേഷം **സകലജാതികൾക്കും** സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും."

## 28. മഹാ നിയോഗ നിവർത്തിയുടെ ലളിതമായ നിർവ്വചനം.

a. ഇനി ഒരാളും **അവശേഷിച്ചിട്ടില്ല**, ഇനി ഒരിടവും **അവശേഷിച്ചിട്ടില്ല**, ഇനി ഒരു ഭാഷയും **അവശേഷിച്ചിട്ടില്ല**, ഇനി ഒരു ജാതിസമൂഹവും **അവശേഷിച്ചിട്ടില്ല**.

b. **PLUG** സമീപനം: (**P**eople **G**roups, **L**anguage Groups, **U**rban areas and **G**eographical units) ജാതി സമൂഹങ്ങൾ, ഭാഷാ സമൂഹങ്ങൾ, നഗര പ്രദേശങ്ങൾ, ഭൂമിശാസ്ത്രപരമായ യൂണിറ്റുകൾ

c. **4B സമീപനം** **B**eliever (വിശ്വാസി), **B**ody (സഭ –ശരീരം), **B**ible (വേദപുസ്തകം), **B**rekthrough Prayer (ശക്തിദുർഗ്ഗങ്ങൾ തകർക്കുന്ന പ്രാർത്ഥന)

## 29. മഹാ നിയോഗത്തിന്റെ പൂർത്തീകരണം സാദ്ധ്യമാണോ?

''അതു ചെയ്യാൻ കഴിയും; അതു ചെയ്യേണ്ടതാണ്, അതു ചെയ്തേ മതിയാകൂ.'' – **ഡി. എൽ. മൂഡി**

വിശദമായ പഠനത്തിന് ഇന്നു തന്നെ ഓൺലൈൻ കോഴ്സിൽ ചേരുക:
***https://schoolofgreatcommissionglobal.learnnn.com/the-school-of-great-commission***

## ഈ ലഘു പുസ്തകത്തെക്കുറിച്ച്

യേശുവിന്റെ അവസാനത്തെ കല്പന ഗ്രഹിക്കുവാൻ സഹായിക്കുന്ന ഒരു ലളിത ഉപാധിയാണ് ഈ ലഘു പുസ്തകം. സഭയിലെ ഓരോ വിശ്വാസിയേയും പഠിപ്പിക്കുവാൻ ഈ ലഘു പുസ്തകം ഉപയോഗിക്കാവുന്നതാണ്. അതുവഴി മഹാനിയോഗത്തിൽ അവർക്കു പങ്കു ചേരുവാനും ക്രിസ്തീയപക്വതയിലേക്കു വളരുവാനും കഴിയും.

മഹാനിയോഗത്തെക്കുറിച്ച് ഒരു വിശദമായ പഠനം നടത്തുവാനല്ല, മറിച്ച്, ഒരു പൊതു അവലോകനം നടത്തുവാൻ മാത്രമേ ഈ ലഘു പുസ്തകം കൊണ്ട് ഉദ്ദേശിക്കുന്നുള്ളു. പരിശീലനത്തിൽ സംബന്ധിക്കുന്ന എല്ലാവരും ഇതിൽക്കൊടുത്തിരിക്കുന്ന തിരുവചനഭാഗങ്ങൾ വായിച്ചു മന:പാഠമാക്കേണ്ടതുണ്ട്. ഓരോ വിശ്വാസിയും അത്യന്താപേക്ഷിതമായി അറിഞ്ഞിരിക്കേണ്ട ചില അടിസ്ഥാന തിരുവെഴുത്തുകളാണവ.

പരിശീലകർക്ക് തങ്ങളുടെ സഭയിലോ ചെറു സമൂഹങ്ങളിലോ ഉള്ള വിശ്വാസികളെ അവരുടെ പങ്കാളിത്തവുംകൂടെ ഉറപ്പാക്കിക്കൊണ്ട് പഠിപ്പിക്കുവാനുള്ള ഒരു സഹായിയായി ഈ ലഘു പുസ്തകം ഉപയോഗിക്കാവുന്നതാണ്.

യേശുവിന്റെ സകല കല്പനകളേയും അനുസരിക്കുകയും അതനുസരിക്കാൻ മറ്റുള്ളവരെ പരിശീലിപ്പിക്കുകയും ചെയ്യുന്ന അനുസരണമുള്ള ശിഷ്യരെ വാർത്തെടുക്കുക എന്നതു മാത്രമാണ് ഈ ലഘു പുസ്തകം കൊണ്ട് ഉദ്ദേശിക്കുന്നത്.